## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.. 68

27 -06- 2011-ൽ മറുപടി നൽകേണ്ടിയിരുന്നത്.

## സാമ്പത്തിക തട്ടിപ്പുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എം. ചന്ദ്രൻ | | ശ്രീ. ഉമ്മൻ ചാണ്ടി ( മുഖ്യമന്ത്രി) |
| (എ) | സംസ്ഥാനത്ത് വ്യാപകമായ തോതിൽ സാമ്പത്തികത്തട്ടിപ്പുകൾ നടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | മണിചെയിൻ മാതൃകയിലുള്ള തട്ടിപ്പുകൾ തടയുന്നതിന് എന്തെങ്കിലും നടപടികൾ സ്വികരിച്ചിട്ടുണ്ടോ ; വിശദവിവരം ലഭ്യമാക്കാമോ ; | ( ബി) | മണി ചെയിൻ തട്ടിപ്പ് സംബന്ധമായി സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിരുന്ന എല്ലാ കേസുകളും സി.ബി.സി.ഐ.ഡി (Economic Offence Wing ) യ്ക്ക് കൈമാറുവാനും അന്വേഷണത്തിന്റെ മുഴുവൻ നിരീക്ഷണ ചുമതലയും അഡിഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ക്രൈംസ്) - നെ ഏൽപിച്ച് ദ്രുതഗതിയിൽ അന്വേഷണം പൂർത്തിയാക്കാനുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. വ്യാജ ബാങ്ക് അക്കൗണ്ടുകളിലൂടെ ഇത്തരം തട്ടിപ്പ് നടത്തിയ കമ്പനികളുടെ ബാങ്ക് ഇടപാടുകൾ മരവിപ്പിക്കുവാനും ഇത് റിസർവ് ബാങ്കിന്റെ ശ്രദ്ധയിൽപ്പെടുത്തുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തട്ടിപ്പുകൾക്കായി |

| | | | |
|---|---|---|---|
| | | | കമ്പനികൾ ഉപയോഗിച്ചിരുന്ന വെബ് സൈറ്റുകൾ, സെർവറുകൾ , കമ്പ്യൂട്ടറുകൾ, എസ്.എം.എസുകളുടെ ഉറവിടങ്ങൾ എന്നിവ കണ്ടെത്തുവാനായി പോലീസ് ആസ്ഥാനത്തെ ഹൈ- ടെക് സെല്ലും, ജില്ലകളിലെ സൈബർ സെല്ലുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പത്ര- ദൃശ്യ മാധ്യമങ്ങിലൂടെ ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി നടപടികൾ എടുത്തിട്ടുണ്ട്. കൂടാതെ ഇത്തരം തട്ടിപ്പുകൾ നിയന്ത്രിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ നിഷ്കർഷിച്ചുകൊണ്ട് എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | തട്ടിപ്പ് സംബന്ധിച്ച പരാതികൾ ഏതെല്ലാം സ്ഥാപനങ്ങൾക്കെതിരെയാണ് ഉണ്ടായിട്ടുള്ളതെന്ന വിശദാംശം നൽകാമോ ; | (സി) | ബിസയർ ഗ്രൂപ്പ്, ആർ.എം.പി., നാനോ എക്സൽ കോർപ്പറേഷൻ ലിമിറ്റഡ്, ഫ്ളോറ്റൽ ഡോ.ആർ.ടി.പി, ശ്രീകോവിൽ ചിറ്റ്സ്, മലബാർ ഫൺസസിറ്റി ലിമിറ്റഡ്, എസ്.എൻ.ഐ, അസ്സന്റ്-ഫോറക്സ്, നവധാന്യം ഫാം ആന്റ് പ്ലാന്റേഷൻ പ്രൈവറ്റ് ലിമിറ്റഡ്, ടൈക്കൂൺ, ഗാലക്സി ഗ്രൂപ്പ്, വെൽത്ത് ലൈൻ പ്രൊമോട്ടേഴ്സ്, ലൂയി ബ്രെയിൽ എഡ്യുക്കേഷൻ സൊസൈറ്റി, ഹെട്ര ഉസാമ മാർക്കറ്റിംഗ്, യൂനിപെ 2 മാർക്കറ്റിംഗ്, ടിക് ഗ്രൂപ്പ് ഓഫ് കമ്പനി, ആർ.ജി.സൊസൈറ്റി, ഹെക്ട്രാ, മാൻഗൊ ട്രീ പാർത്ഥസാരഥി പോപ്പർട്ടീസ് പ്രൈവറ്റ് |

ലിമിറ്റഡ്, റൈറ്റ്ഹെഡ്ജ് ക്രെഡിറ്റ്സ് ആൻഡ് ഇൻവെസ്റ്റ്മെന്റ്സ് പ്രൈവറ്റ് ലിമിറ്റഡ്, ഇ ക്യാപ്പിറ്റൽ ഫണ്ട്സ് പ്രൈവറ്റ്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്കെതിരെ പരാതികൾ ലഭിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | അനധികൃത ധനകാര്യ സ്ഥാപനങ്ങളെയും മണിചെയിൻ സംഘങ്ങളെയും നിയന്ത്രിക്കുന്നതിനും തട്ടിപ്പുകൾ തടയുന്നതിനുമായി നിയമ നിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ